"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്-ശ്രീമതി. സൈനബ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കൈപ്പറ്റിയ തുകയും പലിശയും ഈടാക്കി എടക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി പദ്ധതി പ്രകാരം ഏർപ്പെട്ട കരാർ റദ്ദ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി ഡി)വകുപ്പ്**

**സ.ഉ.(സാധാ) നം.1428/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/07/2019

---

പരാമർശം:- 1 ശ്രീമതി. സൈനബ എടക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിച്ച നിവേദനം

2 ഗ്രാമവികസന കമ്മീഷണറുടെ 15.11.2018-ലെ 13166/എച്ച്&റ്റി4/2018/സി.ആർ.ഡി. നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ 2015-16 സാമ്പത്തിക വർഷത്തെ ഐ.എ.വൈ. ഗുണഭോക്താവായ ശ്രീമതി. സൈനബ (പ്രെസിന്റെവിട, കുറ്റിയ്ക്കകം, എടക്കാട്, കണ്ണൂർ) ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനുള്ള ധനസഹായമായി കൈപ്പറ്റിയ 2 ലക്ഷം രൂപ പലിശ സഹിതം തിരിച്ചടച്ച് വീടും സ്ഥലവും വില്പന നടത്തുന്നതിന് അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയുടെ നിജസ്ഥിതി അറിയുന്നതിനായി അന്വേഷണം നടത്തിയതിൽ ശ്രീമതി. സൈനബ ഇപ്പോൾ സുഖമില്ലാതെ കിടപ്പിലാണെന്നും കടൽക്കരയിൽ നിന്നും 30-40 മീറ്റർ മാത്രം അകലെ സ്ഥിതി ചെയ്യുന്ന വീട്ടിലേക്ക് റോഡിൽ നിന്നും നിലവിൽ വഴിയില്ലെന്നും റോഡ് 350 മീറ്റർ അകലെയാണെന്നും ഇതുമൂലം അടിയന്തിര സാഹചര്യത്തിൽ ആശുപത്രിയിൽ ചികിത്സയ്ക്ക് കൊണ്ടുപോകാൻ ബുദ്ധിമുട്ടാണെന്നും കടൽ ക്ഷോഭമുണ്ടാകുമ്പോൾ കിണറ്റിൽ വെള്ളം കയറി ഉപയോഗിക്കാൻ പറ്റാതെ വരുന്നതിനാൽ കുടിവെള്ളം അടുത്ത വീട്ടിൽ നിന്നും എടുക്കേണ്ടി വരുന്ന അവസ്ഥയാണെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം(2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി. സൈനബയുടെ അപേക്ഷ പരിഗണിച്ച് വീടും സ്ഥലവും വിൽക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ഉചിതമാർഗ്ഗേന സ്വീകരിക്കാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ എടക്കാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 31.07.2018 ലെ 2/2/2018 ലെ-ാം നമ്പർ തീരുമാനം പ്രകാരം

ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ശ്രീമതി.സൈനബയുടെ അപേക്ഷയിൽ അനുകൂലമായ നടപടി സ്വീകരിക്കുന്നതിനും, മാനുഷിക പരിഗണന നൽകി, ഐ.എ.വൈ. പദ്ധതിയിൽ നൽകിയ ധനസഹായം പലിശ സഹിതം തിരിച്ചടച്ച് വീടും അത് നിൽക്കുന്ന സ്ഥലവും വിൽക്കുന്നതിനുള്ള അനുമതി നൽകണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം(2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീമതി. സൈനബയുടെ അപേക്ഷ പരിഗണിച്ച് മാനുഷിക പരിഗണ നല്കി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, 2015-16 സാമ്പത്തികവർഷം ഐ.എ.വൈ. പദ്ധതി പ്രകാരം ധനസഹായമായി ടിയാൾ കൈപ്പറ്റിയ 2 ലക്ഷം രൂപയും പലിശയും ഈടാക്കി എടക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി പദ്ധതി പ്രകാരം ഏർപ്പെട്ട കരാർ റദ്ദ് ചെയ്ത് വീടും സ്ഥലവും വില്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, എടക്കാട് ബ്ലോക്ക് പഞ്ചായത്ത്, എടക്കാട്

ശ്രീമതി. സൈനബ, പ്രസിന്റെവിട, കുറ്റിയ്ക്കകം പി.ഒ, എടക്കാട്, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ , ഐ . കെ . എം, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ